"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- കോട്ടയം നഗരസഭയിൽ ഹെൽത്ത് സൂപ്പർവൈസറായിരുന്ന ശ്രീ.ടോമി തോമസിനെതിരായ അച്ചടക്കനടപടി - അന്വേഷണ ഉദ്യോഗസ്ഥൻ- നിയമിച്ച് - ഉത്തരവ് പുറപ്പെട്ടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്

സ.ഉ.(സാധാ) നം.477/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 26/02/2020

---

പരാമർശം:- 1 വിജിലൻസ് &ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 11.07.2014 തീയതിയിലെ ഇ5(എസ്.സി.35/2014/ഇആർകെ) 27147/2014 നമ്പർ കത്ത്

2 29.03.2016 തീയതിയിലെ ഇയു2-41/2016-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3 31.12.2018 തീയതിയിലെ ഇയു2-41/2016-തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

<u>ഉത്തരവ്</u>

കോട്ടയം നഗരസഭയിൽ അനധികൃതമായി അറവുശാല പ്രവർത്തിക്കുന്നത് സംബന്ധിച്ച പരാതിപ്രകാരം, സോൺ സി മേഖലയിൽ പ്രവർത്തിച്ചു വരുന്ന അറവുശാലയിൽ 24/09/14 ൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ നിയമാനുസൃതമല്ലാതെയും അനാരോഗ്യകരമായ അവസ്ഥയിലും അറവുശാല പ്രവർത്തിക്കുന്നതായി കണ്ടെത്തിയതിനെത്തുടർന്ന് ആയതിന് ഉത്തരവാദിയെന്ന് വിജിലൻസ് കണ്ടെത്തിയ,ടി നഗരസഭയിലെ ഹെൽത്ത് സൂപ്പർവൈസർ ശ്രീ.ടോമി തോമസിനെതിരെ KCS(CC&A) Rules പ്രകാരം കുറ്റാരോപണ പത്രവും കുറ്റാരോപണ പത്രികയും നൽകിയിരുന്നു. ടിയാന്റെ പ്രതിവാദ പത്രിക പ്രകാരം പരിശോധിച്ചതിൽ നിന്നും പരിസരം ശുചിയാക്കി വെക്കണമെന്ന് ബുച്ചർമാർക്കും ലൈസെൻസിക്കും നിർദേശം നൽകുന്നതിൽ വീഴ്ചവരുത്തിയതായും പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട അതീവ ജാഗ്രത കാണിക്കേണ്ട ഇത്തരം കാര്യങ്ങളിൽ ആരോഗ്യവിഭാഗത്തിലെ ജീവനക്കാരുടെ ഭാഗത്തുനിന്നും

ജാഗ്രതകുറവ് സംഭവിച്ചിട്ടുള്ളതായി കണ്ടെത്തുകയുണ്ടായി. ടിയാൻ 31.12.2016ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ മേൽ കൃത്യവിലോപത്തിന് ടിയാളുടെ സേവനകാലയളവ് തൃപ്തികരമല്ലെന്ന നിഗമനത്തിൽ കെ.എസ്.ആർ ഭാഗം IIIചട്ടം 3 (എ) പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 1000/-- രൂപ വീതം മൂന്ന് വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. ആയതിന് ടിയാൾ മറുപടി സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.ടോമി തോമസിനെതിരെ പെൻഷൻ കുറവ് ചെയ്യുന്നതിനാണ് താൽക്കാലികതീരുമാനമെടുത്തിരിക്കുന്നത് എന്നതിനാൽ KCS (C.C &A) ചട്ട പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കേണ്ടതുള്ളതിനാൽ പ്രസ്തുത ചട്ടത്തിലെ 15 (b) പ്രകാരമുള്ള അന്വേഷണം നടത്തേണ്ടതുണ്ട്. മേൽ സാഹചര്യത്തിൽ കോട്ടയം നഗരസഭയിലെ ഹെൽത്ത് സൂപ്പർവൈസർ ശ്രീ.ടോമി തോമസിനെതിരായ ആരോപണത്തിൽ വിശദമായ അന്വേഷണം നടത്തി 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി എറണാകുളം റീജിയണൽ ജോയിന്റ് ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എറണാകുളം റീജിയണൽ ജോയിന്റ് ഡയറക്ടർ,(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ